# പതിമൂന്നാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3534      15.07.2015 ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ബാധിതർക്ക് ധനസഹായം

<table>
<tr><td colspan="2">ചോദ്യം<br><br>ശ്രീ.പി.സി.ജോർജ്ജ്</td><td colspan="2">മറുപടി<br><br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും,കുടുംബക്ഷേമവും,ദേവസ്വവും<br>വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേരളത്തിൽ / എൻഡോസൾഫാൻ മൂലം അസുഖം ബാധിച്ചവർ എത്ര ഉണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ,എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിവരിക്കുമോ?</td><td>(എ)</td><td>കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ 5227 പേർ ഉൾപ്പെട്ടിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ രോഗം ബാധിച്ച പാവപ്പെട്ട രോഗികൾക്ക് എന്തെങ്കിലും ധനസഹായം കൊടുത്തിട്ടുണ്ടോ,എങ്കിൽ കൊടുത്ത തുകകൾ 2011 മുതൽ ഇതുവരെ എത്രയെന്ന് വിശദമാക്കാമോ?</td><td>(ബി)</td><td>കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി പ്രത്യേക ധനസഹായം അനുവദിക്കുന്നതിനായി ദേശീയ മനുഷ്യവകാശ കമ്മീഷൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഫണ്ട് ലഭ്യമായിട്ടുണ്ട്.<br><u>പ്രത്യേക ധനസഹായം അനുവദിക്കുന്നതിനായി സർക്കാരിൽ നിന്നും ലഭ്യമായ ഫണ്ട് വിവരങ്ങൾ.</u>
<table>
<tr><th>ക്രമ നം</th><th>തീയതി</th><th>തുക അനുവദിച്ച സ്ഥാപനം</th><th>തുക (രൂപയിൽ)</th></tr>
<tr><td>1</td><td>04.06.2012</td><td>മാനേജിംഗ് ഡയറക്ടർ, കേരള പ്ലാന്റേഷൻ കോർപ്പറേഷൻ</td><td>27,04,25,000</td></tr>
<tr><td>2</td><td>19.11.2012</td><td>കേരള സാമൂഹ്യ സുരക്ഷ മിഷൻ,തിരുവനന്തപുരം</td><td>6,62,50,000</td></tr>
<tr><td>3</td><td>14.12.2012</td><td>കേരള സാമൂഹ്യ സുരക്ഷ മിഷൻ,തിരുവനന്തപുരം</td><td>11,25,00,000</td></tr>
<tr><td>4</td><td>20.02.2014</td><td>മാനേജിംഗ് ഡയറക്ടർ, കേരള പ്ലാന്റേഷൻ കോർപ്പറേഷൻ</td><td>26,02,50,000</td></tr>
<tr><td>5</td><td>28.03.2014</td><td>കേരള സാമൂഹ്യ സുരക്ഷ മിഷൻ,തിരുവനന്തപുരം</td><td>33,42,50,000</td></tr>
<tr><td></td><td></td><td>ആകെ</td><td>1,04,36,75,000</td></tr>
</table>
മേൽ പ്രതിപാദിച്ച പ്രകാരം ലഭ്യമായ ഫണ്ടിൽ നിന്നും 90.41 കോടി രൂപ വിവിധ തവണകളായി ദുരിതബാധിതർക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ഇല്ലെങ്കിൽ ഈ രോഗികൾക്ക് അർഹതപ്പെട്ട ധനസഹായം കൊടുക്കുവാൻ തയ്യാറാകുമോ?</td><td>(സി)</td><td>മറുപടി (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.</td></tr>
<tr><td>(ഡി)</td><td>ഈ രോഗികൾക്ക് സഹായത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ, വിശദമാക്കുമോ?</td><td>(ഡി)</td><td>വിവരം ശേഖരിച്ച് വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ